Draft #31 of File 28366/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Dec-2021 12:51 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മഹാത്മാഗാന്ധി സർവ്വകലാശാല സർവ്വീസിൽ നേരിട്ട് ജോലിയിൽ പ്രവേശിച്ച 8 അസിസ്റ്റൻറുമാരുടെ പി.എസ്.സി. മുഖേനയുള്ള നിയമനം ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7321/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.12.2021

---

*പരാമർശം:*-1. സർക്കാർ ഉത്തരവ് (പി) നം. 41/2010/ഉ.ഭ.പ.വ. തീയതി 14.12.2010.

2. ബന്ധപ്പെട്ട ജില്ലാ പൊലീസ് മേധാവികൾ ലഭ്യമാക്കിയിട്ടുള്ള 8 അസിസ്റ്റൻറുമാരുടെ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുകൾ

3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 25.10.2021 തീയതിയിലെ AA & VW I-4/9/2020/KPSC നമ്പർ കത്ത്.

**ഉത്തരവ്**

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ, പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും ലഭിച്ചതിനുശേഷം മാത്രമേ റെഗുലറൈസ് ചെയ്യാവൂ, എന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള പി.എസ്.സി. മുഖേന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നേരിട്ട് ഉദ്യോഗത്തിൽ പ്രവേശിച്ച 8 അസിസ്റ്റൻറുമാരുടെ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ പരാമർശം (2), (3) പ്രകാരം ലഭിച്ചിട്ടുണ്ട്. ടി അസിസ്റ്റൻറുമാരുടെ സ്വഭാവവും പൂർവ്വചരിത്രവും സംബന്ധിച്ച പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ ടിയാളുകൾ നിയമനത്തിന് അനുയോജ്യരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടിയാളുകളുടെ പി.എസ്.സി. വെരിഫിക്കേഷൻ പൂർത്തീകരിക്കുകയും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പി.എസ്.സി.-യിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് അയോഗ്യതകൾ ഇല്ലെങ്കിൽ ടിയാളുകളുടെ നിയമനം ക്രമപ്പെടുത്താവുന്നതാണെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിച്ച്, കേരള പി.എസ്.സി. മുഖേന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നേരിട്ട് ഉദ്യോഗത്തിൽ പ്രവേശിച്ച താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന 8 അസിസ്റ്റൻറുമാരുടെ നിയമനം, അവർ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ക്രമപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര് | PEN No | അസിസ്റ്റൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1. | സബ്ന കെ. എച്ച്. | 3659 | 16.07.2019 FN | പി.എസ്.സി. മുഖേന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നേരിട്ട് ഉദ്യോഗത്തിൽ പ്രവേശിച്ചു. |
| 2. | നിമ്മി രാമദാസ് വി | 3648 | 17.06.2019 FN | " |
| 3. | ആഷിത പി | 3650 | 21.06.2019 AN | " |
| 4. | സുരാജ് എസ്. | 3658 | 11.07.2019 FN | " |
| 5. | വിനീത വി. എസ്. | 3662 | 15.07.2019 FN | " |
| 6. | സുകന്യ പി. | 3656 | 08.07.2019 FN | " |
| 7. | രോഹിണി എസ്. എസ്. | 3657 | 08.07.2019 FN | " |
| 8. | സിയ പി. വി. | 3668 | 12.07.2019 FN | " |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5.പബ്ലിക് റിലേഷൻസ് ഓഫീസർ/എഡി.സി. I/II/III/ഫിനാൻസ് II/III
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
7. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/CITAD
8. ഫിനാൻസ് കമ്പ്യൂട്ടർ സെൽ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #31 of File 28366/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Dec-2021 12:51 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം